മന്ത്രിമാർക്കെതിരെയുള്ള കേസ്സുകൾ

319. [501] ശ്രീ. കോലിയാക്കോട് എൻ. കൃഷ്ണൻ നായർ :
,, വി. ജെ. തങ്കപ്പൻ :
,, സി. വാസുദേവമേനോൻ :
,, സി. കെ. ചക്രപാണി :
,, കെ പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മന്ത്രിസഭയിലെ മന്ത്രിമാർക്കെതിരെ സംസ്ഥാനത്തെ ഏതെങ്കിലും കോടതികളിൽ കേസ്സുകൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം മന്ത്രിമാർക്കെതിരെ എത്ര കേസ്സുകൾ വീതം ;

(സി) ഓരോ കേസ്സിന്റേയും സ്വഭാവമെന്താണ് ;

(ഡി) മുഖ്യമന്ത്രിക്കെതിരെ നിലവിൽ എന്തെങ്കിലും കേസ് കേരള ഹൈക്കോടതിയിലുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ധനകാര്യമന്ത്രിക്കെതിരെ ഒരു കേസ്സുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്.

(സി) കേരള കാർഷികാദായ നികുതി വിൽപ്പന നികുതി വകുപ്പിലെ അസിസ്റ്റന്റ് സെയിൽസ് ടാക്സ് ആഫീസർ ശ്രീ. കെ. സുധാകരൻ കേരള ഹൈക്കോടതിയിൽ 7404/85-ാം നമ്പരായി റിട്ടുഹർജി ബോധിപ്പിച്ചിരുന്നു. ശ്രീ. സുധാകരന്റെ സ്ഥലം മാറ്റത്തെ സംബന്ധിച്ചുള്ളതാണ് ഈ കേസ്.

(ഡി) മുഖ്യമന്ത്രിയേയും റ സ് പോ ണ്ടന്റാ യിട്ടുള്ള ഒരു റിട്ട് ഹൈക്കോടതിയിലുണ്ട്.

മുഖ്യമന്ത്രിയുടെ ബോംബെ, ഡൽഹി യാത്രകൾ

320. [502] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1986 മാർച്ച് 15 വരെ മുഖ്യമന്ത്രി എത്ര പ്രാവശ്യം ബോംബെക്കും ഡൽഹിക്കും യാത്ര ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ ഔദ്യോഗിക യാത്രയെത്ര ; അനൗദ്യോഗിക യാത്ര എത്ര ;

(സി) ഈയാത്രകൾക്ക് മുഖ്യമന്ത്രിയുടേയും അദ്ദേഹത്തെ അനുഗമിച്ച പേഴ്സണൽ സ്റ്റാഫിന്റേയും വിമാന യാത്രക്കൂലി ഇനത്തിൽ ചെലവായ സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ യാത്രക്കൂലി ഇനത്തിൽ സംസ്ഥാന സർക്കാരിന് ചെലവായ തെത്ര ?

LIBRARY ARCHIVES Kerala Legislative Assembly